**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 813** **14-10-2026-ൽ മറുപടിയ്ക്ക്**

**പരിസ്ഥിതിയുടെയും വനങ്ങളുടെയും സംരക്ഷണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. എം. ശശി

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** പരിസ്ഥിതിയുടെയും വനങ്ങളുടെയും സംരക്ഷണാർത്ഥം മുൻ സർക്കാർ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കിവന്നിരുന്നു; പ്രസ്തുത പദ്ധതികൾ തുടരുമോ;

**മറുപടി:** പരിസ്ഥിതിയെയും വനങ്ങളെയും സംരക്ഷണാർത്ഥം നടപ്പിലാക്കിവരുന്ന ആർ.ഐ.ഡി.എഫ്. (RIDF) മുഖേനയുള്ള പദ്ധതികൾ, ഫോറസ്റ്റ് ഫയർ പ്രിവൻഷൻ ആൻഡ് മാനേജ്മെന്റ് സ്കീം (FPMS), സാമൂഹ്യ വനവൽക്കരണ പദ്ധതികൾ തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

**(ബി)** ഈ മേഖലയിൽ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ സംബന്ധിച്ച് വ്യക്തമാക്കുമോ;

**മറുപടി:** പരിസ്ഥിതി-വനസംരക്ഷണവുമായി ബന്ധപ്പെട്ട് കാർബൺ ക്രെഡിറ്റ് വികസന സംരംഭം (Carbon Credit Development Initiative), പൊതുജനങ്ങളിൽ പാരിസ്ഥിതിക അവബോധം സൃഷ്ടിക്കുന്നതിനായി 'Wild 100' എന്ന പേരിൽ പോഡ്കാസ്റ്റ് വീഡിയോകൾ പുറത്തിറക്കുക, International Nature Festival of Kerala (INFK) സംഘടിപ്പിക്കുക, ഉൾപ്പെടെയുള്ള പുതിയ പദ്ധതികൾ പരിഗണിച്ചുവരുന്നു.

**(സി)** വനാതിർത്തികളിലെ മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിന് ഈ സർക്കാർ ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**മറുപടി:** സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമാക്കുന്നതിനായി നിലവിലുണ്ടായിരുന്ന ഡിവിഷൻതല പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ലാൻഡ്സ്കേപ്പ് അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി സംസ്ഥാനത്തെ 14 ലാൻഡ്സ്കേപ്പുകളായി തിരിച്ച് ഓരോ ലാൻഡ്സ്കേപ്പിനും അനുയോജ്യമായ രീതിയിൽ നിയന്ത്രണം (Containment), ലഘൂകരണം (Mitigation), നഷ്ടപരിഹാരം (Compensation) എന്നിവയ്ക്ക് ഊന്നൽ നൽകുന്ന ത്രിതല പ്രവർത്തനരീതിയാണ് സ്വീകരിച്ചുവരുന്നത്.

കൂടാതെ, സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി പ്രതിരോധ സംവിധാനങ്ങളുടെ നിർമ്മാണവും പരിപാലനവും, പുതിയ ദ്രുതപ്രതികരണ സംഘങ്ങളുടെ (RRT) രൂപീകരണവും

ശാക്തീകരണവും, സംഘർഷസാധ്യത കൂടുതലുള്ള ഹോട്ട്സ്പോട്ടുകളിൽ സ്പെഷ്യൽ റിസർവ് ഫോഴ്സുകളുടെ വിന്യാസം, മെഗാ റെസ്പോൺസ് ടീമുകളുടെ രൂപീകരണം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) അടിസ്ഥാനമാക്കിയുള്ള നിരീക്ഷണ-മുന്നറിയിപ്പ് സംവിധാനങ്ങളുടെ മെച്ചപ്പെടുത്തൽ, പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾ, മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള ഉപദേശക സമിതിയുടെ രൂപീകരണം, നഷ്ടപരിഹാര വിതരണത്തിനായി ഡിവിഷൻതല അദാലത്തുകൾ സംഘടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

**സെക്ഷൻ ഓഫീസർ**